| | |
|---|---|
| പദ്ധതികളാണ് ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ? | കിഡ്സ് പ്രോഗ്രാം, ജൂഡോക, പഞ്ച്, ഗോൾ എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>കായിക മേഖലയെ ദേശീയ അന്തർ ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്ന ലക്ഷ്യത്തോടെ സംസ്ഥാനത്തെ കായിക അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട് കളിക്കളങ്ങളുടെ നിർമ്മാണം, നാച്വറൽ / സിന്തറ്റിക് ടർഫ്, സിന്തറ്റിക് ട്രാക്ക്, ഇൻഡോർ കോർട്ടുകൾ, സ്വിമ്മിംഗ് പൂൾ, സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ, ഓപ്പൺ ജിംനേഷ്യം, ഒരു പഞ്ചായത്ത് ഒരു കളിക്കളം പദ്ധതി, കിഫ്ബിയിൽ ഉൾപ്പെടുത്തി പ്രഖ്യാപിക്കുന്ന കായിക അടിസ്ഥാന സൗകര്യവികസന പദ്ധതികൾ, ഖേലോ ഇന്ത്യ പദ്ധതികൾ എന്നിവയും നടപ്പിലാക്കി വരുന്നുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.<br><br>കൂടാതെ, സംസ്ഥാനത്തെ കായിക മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനായി സ്പോർട്സ് കൗൺസിലിന്റെ നേതൃത്വത്തിൽ വിവിധ പദ്ധതികൾ നിലവിൽ നടപ്പിലാക്കി വരുന്നുണ്ട്. കായിക താരങ്ങൾക്ക് ആധുനിക സൗകര്യങ്ങളോട് കൂടിയ മികച്ച പരിശീലനം ഉറപ്പാക്കുന്നതിനും ലോകോത്തര നിലവാരത്തിലുള്ള സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കായിക മേഖലയെ ഉയർത്തുന്നതിനും ശ്രമിക്കുന്നതാണ്. ഇതിലേക്കായി വിദേശ പരിശീലകരുടെ സേവനം, ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യ വികസനം കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിലുള്ള ജില്ലാ സ്പോർട്സ് അക്കാദമികളിൽ നടപ്പിലാക്കുന്നതിനും, സയന്റിഫിക്ക് സപ്പോർട്ട്, കേരളത്തിലെ കായിക താരങ്ങൾക്ക് വിദേശ രാജ്യങ്ങളിൽ പരിശീലനം ചെയ്യുന്നതിനുള്ള അവസരം, ഇന്റർ നാഷണൽ കായിക താരങ്ങളുമായും ഇന്റർ നാഷണൽ ടീമുകളുമായി മത്സരിക്കുന്നതിനുള്ള അവസരം ഒരുക്കുന്നതിനും ഉദ്ദേശിക്കുന്നു. കൂടാതെ അതത് കായികയിനങ്ങൾക്ക് വിദഗ്ധരായ സ്പോർട്സ് ന്യൂട്രീഷന്മാരുടെ നിർദ്ദേശാനുസരണം മെനു തയ്യാറാക്കി കായിക താരങ്ങൾക്കുള്ള ഭക്ഷണം നല്കുന്നതാണ്. കേരളത്തിൽ നിലവിലുള്ള സ്റ്റേഡിയങ്ങളും നീന്തൽക്കുളങ്ങളും പരിപാലിച്ച് ലോകോത്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും നിലവിൽ പ്രവർത്തിക്കുന്ന അക്കാഡമികളുടെ നിലവാരം കുറെക്കൂടി മെച്ചപ്പെടുത്തി നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ കായിക രംഗം രാജ്യാന്തര നിലവാരത്തിലേക്ക് ഉയർത്തുന്നതിനും ശ്രമിക്കുന്നതാണ്. കൂടാതെ |

